LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്ത റേഷൻകട ഉടമകളുടെ വായ്പ എഴുതിത്തള്ളുന്നതിന് നടപടി

35 [2898] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ കൂടിയുള്ള അരി വിതരണം കുറയുന്നതിനാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം സംസ്ഥാനത്തെ എത്ര റേഷൻകട ഉടമകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ആത്മഹത്യ ചെയ്ത റേഷൻകട ഉടമകളുടെ വായ്പ എഴുതി തള്ളുന്ന കാര്യം പരിഗണിക്കുമോ;

(സി) ആത്മഹത്യ ചെയ്ത റേഷൻകട ഉടമകളുടെ കുടുംബത്തെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ കാരണങ്ങളാൽ റേഷൻകട ഉടമകൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഉദിക്കുന്നില്ല.

ചിറ്റൂർ-തത്തമംഗലം പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവരുടെ റേഷൻകാർഡിൽ എ.പി.എൽ. രേഖപ്പെടുത്തിയതായ പരാതി

36 [2899] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ-തത്തമംഗലം പ്രദേശങ്ങളിൽ നിരവധി ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവരുടേയും റേഷൻ കാർഡിൽ എ.പി.എൽ. എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തി പരാതി പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) ഇത്തരം സംഭവങ്ങളെക്കുറിച്ച് പരാതി ലഭിച്ചാൽ അന്വേഷിച്ച് ബി.പി.എൽ. എന്ന് തിരുത്തി നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?